പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*90. 30.10.2019 ൽ മറുപടിയ്ക്ക്

മദ്യനയം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.പി.ടി.തോമസ് | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | (എ) | സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന സർക്കാർ വിലയിരുത്തിയിട്ടുണ്ട്. മദ്യ നിരോധനം നടപ്പിലാക്കിയ സ്ഥലങ്ങളിൽ വ്യാജമദ്യ നിർമ്മാണവും, വിതരണവും, വിൽപ്പനയും ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ മദ്യപാനശീലം നിലനിൽക്കുന്ന കാലത്തോളം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നതല്ല. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയാൽ സ്ഥിരം മദ്യപാനികൾ ലഹരിക്കായി മറ്റു സ്രോതസ്സുകൾ തേടിപ്പോകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ ബോധവൽക്കരണത്തിലൂടെയും ലഹരി വർജ്ജന ആശയങ്ങളുടെ പ്രചരണത്തിലൂടെയും മദ്യാസക്തി കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | മദ്യവർജ്ജനം എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള മദ്യനയം മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിന് സഹായകമാണോ; വിശദമാക്കുമോ; | (ബി) | സഹായകരമാണ്. മദ്യപാനശീലം പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമ്പൂർണ്ണ ലഹരിവിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നത് ലക്ഷ്യമാക്കിയാണ് പുതിയ മദ്യനയം വിഭാവനം ചെയ്തിട്ടുള്ളത്. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലാത്തതിനാൽ മദ്യ ഉപയോഗം കുറയ്ക്കുന്നതോടൊപ്പം മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും മദ്യവും ലഹരിയും ഉപയോഗിച്ചു തുടങ്ങിയിട്ടില്ലാത്തവരെ ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റി ബോധവാൻമാരാക്കി അവരെ മദ്യത്തിന്റെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനാണ് നയം ലക്ഷ്യമിട്ടിരിക്കുന്നത്. ലഹരിവർജ്ജനത്തിനായുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യ ഉപഭോഗം കുറയുന്ന തിനനുസരിച്ച് മദ്യത്തിന്റെ ആവശ്യകത കുറയുമ്പോൾ |

| | | | |
|---|---|---|---|
| | | | മദ്യത്തിന്റെ ലഭ്യതയും കുറയ്ക്കാനാവുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ബാര ലൈസൻസുകൾ അനുവദിക്കുകയും മുൻസർക്കാരിന്റെ കാലത്ത് പൂട്ടിയ ബാറുകളുടെ ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 158 ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. 23.06.2017 തീയതിയിലെ ജി.ഒ.(പി)നം.4[illegible]/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2014 മാർച്ച് 31 വരെ എഫ്.എൽ.3 ലൈസൻസ് ഉണ്ടായിരുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പ് അനുവദിക്കുന്ന 3 star, 4 Star, 5 star, 5 Star delux, hertiage, heritage grand or heritage classic ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച മുറക്ക് മുൻ സർക്കാരിന്റെ കാലത്ത് ബിയർ & വൈൻ പാർലറുകളായി പ്രവർത്തിച്ചിരുന്ന 383 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുമുണ്ട്. |
| (ഡി) | വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം വിജയപ്രദമാണോ; | (ഡി) | ഉണ്ട്. വിമുക്തി ഡി-അഡിക്ഷൻ സെന്ററുകളിൽ 2019 സെപ്റ്റംബർ വരെ 13000 പേർക്ക് ഔട്ട് പേഷ്യന്റ് സേവനവും, 1708 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്. വിമുക്തി മിഷന്റെ ഈ സംരംഭം ഫലപ്രദവും ഏറെ വിജയപ്രദവുമാണ്. |
| (ഇ) | ആദിവാസി മേഖലയിലും തീരദേശ മേഖലയിലും ജനങ്ങളിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആദിവാസി ഊരുകളിലെ യുവതീയുവാക്കൾക്ക് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ വച്ച് പരിശീലനം നൽകുകയും, വിവിധ കോളേജുകളിലെ എൻ.എസ്.എസ്, എൻ.സി.സി വിദ്യാർഥികളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി മേഖലകളിലെ ലഹരി ഉപയോഗിക്കുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കുവാനും വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് അവരെ തിരിച്ചുവിടുവാനും ലക്ഷ്യമിട്ട് ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് സെന്ററുകൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളതുമാണ്. ജനമൈത്രി എക്സൈസ് സ്ക്വാഡുകളും ആദിവാസി മേഖലയിൽ മെച്ചപ്പെട്ട ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ